**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 328** **03-03-2023 - ല്‍ മറുപടിയ്ക്ക്**

**ലൈഫ് മിഷന്‍**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിന്‍,<br>ശ്രീ ഇ ചന്ദ്രശേഖരന്‍,<br>ശ്രീ വി ശശി,<br>ശ്രീ. സി.സി. മുകുന്ദന്‍ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | നിര്‍ദ്ധനരേയും അഗതികളേയും നവകേരള നിര്‍മ്മിതിയില്‍ പൊതുധാരയോടൊപ്പം ചേര്‍ക്കുന്നതിന് അവരുടെ ജീവിത സുരക്ഷ ഉറപ്പുവരുത്തുകയാണ് ആവശ്യം എന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ട്.<br><br>ഉയര്‍ന്ന ജീവിത നിലവാരം, സാക്ഷരത, ആരോഗ്യ-വിദ്യാഭ്യാസ മേഖലകളില്‍ കേരളം കൈവരിച്ച വികസന നേട്ടങ്ങള്‍ സുസ്ഥിരമായി നിലനിര്‍ത്തുന്നതിനും വികസന ഗുണഫലങ്ങള്‍ എല്ലാ വിഭാഗം ജനങ്ങള്‍ക്കും നീതിപൂര്‍വ്വമായി ലഭ്യമാക്കുക എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായാണ് സര്‍ക്കാര്‍ നവകേരളം കര്‍മ്മ പദ്ധതിക്ക് രൂപം നല്‍കിയിട്ടുള്ളത്.<br><br>ഭക്ഷണവും വസ്ത്രവും കഴിഞ്ഞാല്‍ പ്രധാനമായ അടിസ്ഥാന ആവശ്യമാണ് പാര്‍പ്പിടം. അതു കൊണ്ടുതന്നെ എല്ലാവര്‍ക്കും സുരക്ഷിതമായ വീടുകളുണ്ടെന്ന് ഉറപ്പാക്കാനുള്ള ബാധ്യത സമൂഹത്തിനുണ്ട്. ഭവനരഹിതരി ല്ലാത്ത കേരളം എന്ന ലക്ഷ്യം മുന്‍നിര്‍ത്തിയുള്ള സമഗ്ര പരിപാടിയാണ്ലൈഫ് മിഷന്‍. കേരളത്തിന്റെ പാര്‍പ്പിടരംഗം നേരിടുന്ന പ്രശ്നങ്ങള്‍ ബഹുമുഖമാണ്. അവ ശരിയായി വിലയിരുത്തുകയും ഓരോ പ്രശ്നത്തിനും പരിഹാര നടപടികള്‍ രൂപപ്പെടുത്തുകയും ചെയ്യുന്ന പ്രവര്‍ത്തന പദ്ധതിയായാണ് ലൈഫ് മിഷന്‍ വിഭാവന ചെയ്യപ്പെട്ടിട്ടുള്ളത് |
| (ബി) | സംസ്ഥാനത്തെ പിന്നാക്കാവസ്ഥയിലുള്ളവരും സ്വന്തമായി വീടുവയ്ക്കാന്‍ ശേഷിയില്ലാത്തവരുമായ ജനങ്ങള്‍ക്ക് വീടും ഉപജീവനമാര്‍ഗവും നല്‍കുവാന്‍ ലൈഫ് മിഷന്‍ ലക്ഷ്യമിടുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | ഉണ്ട്.<br><br>ലൈഫ് സമ്പൂര്‍ണ്ണ പാര്‍പ്പിട സുരക്ഷാ പദ്ധതി മുഖേന കണ്ടെത്തിയിട്ടുള്ള അര്‍ഹരായ സംസ്ഥാനത്തെ പിന്നാക്ക അവസ്ഥയിലുള്ള ഗുണഭോ ക്താക്കള്‍ക്ക് ഭവനനിര്‍മ്മാണത്തിന് ധനസഹായം നല്‍കി |

| | | | |
|---|---|---|---|
| | | | സുരക്ഷിത ഭവനങ്ങൾക്ക് ഉടമകളാക്കി മാറ്റിയിട്ടുണ്ട്. ഇതിനുപുറമെ പ്രസ്തുത ഗുണഭോക്താക്കൾക്ക് ഉപജീവന മാർഗം ഉറപ്പു വരുത്തുന്നതിന് വിവിധ പദ്ധതികളുടെ സംയോജനത്തിലൂടെ നടപ്പിലാക്കുന്നു.സംസ്ഥാനത്തെ പിന്നാക്കാവ സ്ഥയിലുള്ളവരും സ്വന്തമായി വീടുവയ്ക്കാൻ ശേഷി യില്ലാത്തവരുമായ പട്ടികജാതി, പട്ടികവർഗ്ഗ/ ഫിഷറീസ് വിഭാഗത്തിൽപ്പെട്ടവരുടേയും അതിദരിദ്രരിൽ വീട് ആവശ്യമുള്ള വർക്കും ഭവനനിർമ്മാണ ധനസഹായം നൽകുന്നതിനായി 15.11.2022-ലെ സ.ഉ.(സാധാ) 2806/2022/ തസ്വഭവ നമ്പർ പ്രകാരം തദ്ദേശസ്വയം ഭരണസ്ഥാപനങ്ങൾക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | സ്വന്തമായി ഭൂമിയുള്ള ഭവനരഹിതർക്ക് ഭവന നിർമ്മാണത്തിനായി ധനസഹായം നൽകുവാനും സ്വന്തമായി ഭൂമി ഇല്ലാത്തവർക്കായി പൊതുവുടമസ്ഥതയിലുള്ള ഭവന സമുച്ചയങ്ങൾ നിർമ്മിക്കുവാനും ലൈഫ് മിഷനിൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (സി) | ഉണ്ട്.<br><br>ലൈഫ് സമ്പൂർണ്ണ പാർപ്പിട സുരക്ഷാ പദ്ധതി, വിവിധ വകുപ്പുകൾ മുഖേന നടപ്പിലാക്കി വരുന്ന സംസ്ഥാന/കേന്ദ്ര സർക്കാർ ഭവനപദ്ധതികൾ ഏകോപിപ്പിച്ച് സമഗ്ര പദ്ധതിയായിട്ടാണ് ലൈഫ് ഭവന പദ്ധതി നടപ്പിലാക്കിവരുന്നത്. ഇത്തരത്തിൽ 23.02.2023-വരെ 3,28,315 വ്യക്തിഗത വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.<br><br>ഇടുക്കി ജില്ലയിലെ അടിമാലി ഭവനസമുച്ചയം, അങ്കമാലി ഭവനസമുച്ചയം, വെങ്ങാനൂർ ഭവന സമുച്ചയം, മണ്ണന്തല എൻ.ജി.ഒ. യൂണിയൻ ഭവനസമുച്ചയം, കീഴ്മാട് ഭവനസമുച്ചയം, പെരിന്തൽമണ്ണ ഭവനസമുച്ചയം എന്നീ ഭവന സമുച്ചയങ്ങളിലൂടെ 469 കുടുംബങ്ങൾക്ക് ഫ്ളാറ്റുകളും നൽകി. ഇതിനുപുറമെ കോട്ടയം വിജയപുരം, കൊല്ലം പുനലൂർ, ഇടുക്കി കരിമണ്ണൂർ, കണ്ണൂർ എന്നിവിടങ്ങളിലെ ഭവന സമുച്ചയങ്ങൾ നിർമ്മാണം പൂർത്തിയാക്കി ഗുണഭോക്താക്കളെ പ്രവേശിപ്പിക്കാനുള്ള നടപടികൾ നടന്നു വരുന്നു. 25 ഭവന സമുച്ചയങ്ങൾ നിർമ്മാണ പുരോഗതിയിലാണ്. |
| (ഡി) | സ്വന്തമായി അധ്വാനിക്കാൻ കഴിയാത്തവർക്ക് സാമൂഹ്യ സുരക്ഷാ പദ്ധതികളും വാസയോഗ്യമല്ലാത്ത വീടുകളുടെ നവീകരണവും ലൈഫ് മിഷന്റെ നാലാം ഘട്ടത്തിൽ പരിഗണനയിലുണ്ടോ; വിശദമാക്കാമോ? | (ഡി) | നിലവിൽ പരിഗണനയിൽ ഇല്ല. |

സെക്ഷൻ ഓഫീസർ